ആസ്ഥാനകാര്യാലയം,
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം

0471-2342532 keralaprisons@gov.in

നടപടികൾ

വിഷയം : ജയിലുകൾ – ആസ്ഥാനകാര്യാലയം – എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ – **E9** സീറ്റ് രൂപീകരിച്ച് നിലവിലുള്ള സീറ്റുകളിലെ ജോലികൾ പുനർവിന്യസിച്ചും **E8** സീറ്റിൽ ക്ലാർക്ക് ശ്രീ. വിഷ്ണു കെ.കെ. -യെ നിയമിച്ചും – ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : **1** . ആസ്ഥാനകാര്യാലയത്തിൽ നിന്നുള്ള ഉത്തരവ് നമ്പർ **KPCS/3773/2025** തീയതി **29.04.2025.**

2. നിയമന ഉത്തരവ് നമ്പർ **KPCS/5188/2026-EI** തീയതി **01.10.2026.**

3. എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ സൂപ്രണ്ട് ശ്രീ. സമീർ എം. സമർപ്പിച്ച അപേക്ഷ.

ഉത്തരവ് നമ്പർ: KPCS/5188/2026-E1; തീയതി: 16-10-2026

ജയിലാസ്ഥാനകാര്യാലയത്തിലെ വിവിധ സെക്ഷനുകളിലെ സീറ്റുകളുടെ ജോലിവിഭജനം സംബന്ധിച്ച് പരാമർശം **(1)** പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

2. പരാമർശം **(2)** പ്രകാരമുള്ള നിയമന ഉത്തരവിനെ തുടർന്ന് ശ്രീ. വിഷ്ണു കെ.കെ. **06.10.2026** തീയതിയിൽ ജയിലാസ്ഥാനകാര്യാലയത്തിൽ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്.

3. എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനിലെ **E1, E3, E5** എന്നീ സീറ്റുകളിൽ ജോലിഭാരം കൂടുതലായതിനാൽ ഫയലുകൾ സമയബന്ധിതമായും സുഗമമായും തീർപ്പാക്കുന്നതിന് പ്രയാസം നേരിടുന്ന സാഹചര്യം കണക്കിലെടുത്തും, പരാമർശം **(3)** പ്രകാരം എസ്റ്റാബ്ലിഷ്മെൻറ് സെക്ഷൻ സൂപ്രണ്ട് സമർപ്പിച്ച അപേക്ഷ പരിഗണിച്ചും ഭരണസൗകര്യാർത്ഥം നിലവിലുള്ള ജോലിവിഭജനത്തിൽ താഴെപ്പറയുന്ന മാറ്റങ്ങൾ വരുത്തി ഉത്തരവാകുന്നു.

1. എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനിൽ നിലവിലുള്ള **E8** സീറ്റിലെ ജോലികൾ പുനർവിന്യസിച്ച് **E9 എന്ന പുതിയ സീറ്റ് രൂപീകരിക്കുന്നു.**

2. **E1, E3, E5** എന്നീ സീറ്റുകളിൽനിന്ന് താഴെപ്പറയുന്ന വിഷയങ്ങൾ **E8 സീറ്റിലേക്ക് പുനർവിന്യസിക്കുന്നു.**

E1 സീറ്റിൽനിന്ന്:

- ജയിലാസ്ഥാനകാര്യാലയത്തിലെ നോൺ ഗസറ്റഡ് ജീവനക്കാരുടെ വാർഷിക വേതനവർദ്ധനവ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ.
- ബഹു.പ്രസിഡന്റിന്റെയും ബഹു.മുഖ്യമന്ത്രിയുടെയും കറക്ഷണൽ സർവീസ് മെഡലുമായി ബന്ധപ്പെട്ട വിഷയങ്ങൾ.

E3 സീറ്റിൽനിന്ന്:

- അനുബന്ധം **XIII A, B, C** പ്രകാരമുള്ള ശൂന്യവേതന അവധികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ.
- പഠനാവശ്യത്തിനും, പാസ്പോർട്ട് ആവശ്യങ്ങൾക്കും മറ്റ് ആവശ്യങ്ങൾക്കുമായി നിരാക്ഷേപപത്രം **(NOC)** അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ.

E5 സീറ്റിൽനിന്ന്:

- അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരുടെ പി.എസ്.സി. വെരിഫിക്കേഷനുമായി ബന്ധപ്പെട്ട വിഷയങ്ങൾ.
- അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരുടെ സർവീസ് റെഗുലറൈസേഷനുമായി ബന്ധപ്പെട്ട വിഷയങ്ങൾ.

3. ക്ലാർക്ക് ശ്രീ. വിഷ്ണു കെ.കെ.-യെ **E8** സീറ്റിൽ നിയമിച്ചുകൊണ്ടും മേൽപ്പറഞ്ഞ പ്രകാരം പുനർവിന്യസിച്ച ജോലികൾ ഉൾപ്പെടെ **E8** സീറ്റിന്റെ ചുമതലകൾ ടിയാന് നൽകിക്കൊണ്ടും ഉത്തരവാകുന്നു.

4. **E8** സീറ്റിൽ നിലവിലുള്ള മറ്റ് ജോലികൾ **E9** സീറ്റിലേക്ക് പുനർവിന്യസിച്ചും, അതനുസരിച്ച് പരാമർശം **(1)** പ്രകാരമുള്ള ജോലിവിഭജന ഉത്തരവിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയും ഉത്തരവാകുന്നു.

4 ഈ ഉത്തരവ് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

DINESH B

DEPUTY INSPECTOR GENERAL OF PRISONS(HQ)

സ്വീകർത്താവ്: **1.** ശ്രീ. വിഷ്ണു കെ.കെ, ക്ലാർക്ക്

2. ശ്രീ . അജയൻ . വി, **E8** സീറ്റ്

3. എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ സൂപ്രണ്ട്

പകർപ്പ്: **1. DIG (HQ)**

2. Administartive Officer

3. P.A to D. G . P & C.S

3. C A to D G P & C S

4. ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ഉദ്യോഗസ്ഥർക്കും

5. ടെക്നിക്കൽ സെൽ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും ആവശ്യമായ **e-office** ക്രമീകരണങ്ങൾക്കുമായി)

Digitally signed by
Dinesh Bhagavathi Pillai
Date: 16-10-2026
16:28:35